# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025 - 2026

ആറാട്ടുകുളങ്ങര എൽ പി ·എസ്

പത്തിയൂർ

# ആമുഖം

പത്തിയൂർ എന്ന ദേശത്തെ ഏറെ പഴക്കം ചെന്ന വിദ്യാലയം എന്ന പേരിന് അർഹമായതാണ് സരസ്വതി ക്ഷേത്രം. 1900നു മുൻപേ ഇതുണ്ടായിരുന്നു എന്നുള്ളതിന് ചില തെളിവുകൾ ഉണ്ട്. എന്നിരുന്നാലും ഔദ്യോഗിക രേഖകളിൽ 1908 എന്നാണ് ഇപ്പോൾ ഉള്ളത്

ഈ ദേശത്ത വിദ്യാലയങ്ങൾ ഇല്ലാതിരിക്കുകയും വിദ്യാഭ്യാസം ദൂരെ പോയി നേടിയിട്ടുള്ളതുമായ ചില മഹത് വ്യക്തികളുടെ സംഭാവനയാണ് സ്കൂൾ. തികച്ചും ശാന്തസുന്ദരമായ ഓണാട്ടുകര പ്രദേശം അതിന്റെ തിലകക്കുറിപോലെ പത്തിയൂർ ഗ്രാമം പുഞ്ചവയലുകളും ഇരിപ്പൂ നിലങ്ങളും ധാരാളം ജലാശയങ്ങളും കാവുകളും പലതരം കൃഷികളുമുള്ള ഇവിടെ ജലക്ഷാമമോ പ്രളയക്കെടുതികളോ ഒന്നുമുണ്ടാകാറില്ല

കൃഷികളും അനുബന്ധപ്രവർത്തനങ്ങളുമായിരുന്നു ജനങ്ങളുടെ ജീവിതമാർഗ്ഗം. കരിപ്പുഴ പത്തിയൂർ തോട് ഇതിനെപ്പോഴും സഹായകമായി

ശ്രീ മോഴുവട്ടത്ത് ശങ്കുപ്പിള്ള എന്ന നല്ല മനുഷ്യനായിരുന്നു ഈ വിദ്യാലയത്തിന് ആശയം കൊടുത്തത്. അതിനോടൊപ്പം കുഴിക്കാട്ടു ശ്രീ നാരായണപിള്ള സർ, പതടയിൽ വേലായുധൻ പിള്ള തുടങ്ങിയ കുറച്ചുപേർ ചേർന്ന്

മധുരക്കര എന്ന പുരയിടത്തിൽ ഓലക്കൊണ്ടുള്ള ഒരു ഷെഡ്ഡുണ്ടാക്കി അതിലായിരുന്നു വിദ്യാലയം പ്രവർത്തിച്ചിരുന്നത്.

പിന്നീട് ഇവിടെ പഠിതാക്കളുടെ പ്രവാഹമായിരുന്നു. 5-10 ക്ലാസുവരെ 5,6 ഡിവിഷനുകൾ. 60ഉം 50ഉം കുട്ടികൾ ഒരു ക്ലാസ്സിൽ. നാടിന്റെ ഐശ്വര്യത്തിനു നിദാനമായ ആറാട്ടുകുളങ്ങര എൽ പി എസ് പത്തിയൂർ ദേവീക്ഷേത്രത്തിന്റെ ആറാട്ടുകുളം വിദ്യാലയത്തിന് സമീപമായതിനാൽ ഈ സ്കൂളിന് ഈ പേരുവരാൻ കാരണമത്രേ. എന്തായാലും ഏകദേശം 90 കൾ ആയതോടു കൂടി ഈ പള്ളിക്കൂടത്തിന് കഷ്ടകാലം തുടങ്ങി. വസ്തുതർക്കം, മാനേജുമെന്റു തർക്കം എന്നിങ്ങനെ തർക്കങ്ങൾക്കൊടുവിൽ സ്കൂളിന് പഴയസ്ഥലം വിട്ടുപോകേണ്ടി വന്നു. അൺഎയിഡഡ് സ്ഥാപനങ്ങളുടെ കടന്നുവരവും ഗൾഫു പണത്തിന്റെ വരവും പത്തിയൂരിനെ മാറ്റി മറിച്ചു.

അടുത്തുതന്നെ മാനേജരുടെ വക സ്ഥലത്ത് സ്കൂൾ മാറ്റി സ്ഥാപിച്ചു. ഇപ്പോൾ പുതുനാമ്പുകൾ പൊട്ടിമുളച്ച് വീണ്ടും വളരാൻ തുടങ്ങി ഈ മുത്തശ്ശി വിദ്യാലയം

2008 ൽ ഈ സ്കൂളിന്റെ 100ാം പിറന്നാൾ ആഘോഷിച്ചു. അതിനു മുന്നോടിയായി പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ചു. ആറാട്ടുകുളങ്ങര പ്രൈമറി സ്കൂൾ അലുമിനി അസോസിയേഷൻ എന്നാണു നാമം.

ഏകദേശം ഒരുലക്ഷം രൂപ ഈ സംഘടനയുടെ ഫണ്ടിലുണ്ട്. ഇതിന്റെ അമരക്കാർ എല്ലാവരും 60 കഴിഞ്ഞവരാണ്. ഓരോവർഷവും സ്കൂളിന് ആവശ്യമായ പല കാര്യങ്ങളും അവർ ചെയ്തുതരികയും വിപുലമായ ഓണാഘോഷവും വാർഷികാ-ഘോഷവും നടത്തുകയും ചെയ്യുന്നു. അധ്യാപകരും രക്ഷിതാക്കളും ചേർന്ന് നന്നായി ഈ വിദ്യാലയ മുത്തശ്ശിയെ പരിചരിക്കുന്നു.

# മേഖലകൾ

വിദ്യാലയം

പൊതു വിശകലനം കാഴ്ചപ്പാട്

നൂറ്റാണ്ടുപഴക്കമുള്ള ഇതിന്റെ പാരമ്പര്യം പറയേണ്ടതില്ല. വളരെ പ്രശസ്തരായവർ ഇവിടുത്തെ ശിഷ്യരായിരുന്നു.

ഈ ഗ്രാമത്തിന്റെ ഉന്നതിയാണ് ഞങ്ങളുടെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടത്. നല്ല ഒരു തലമുറയെ വാർത്തെടുക്കാൻ ഞങ്ങൾ നിരന്തരം ശ്രമിക്കുന്നു. നല്ല മനുഷ്യർ ആക്കണം എന്നാണു ലക്ഷ്യം. ഒപ്പം, പഠന പഠ്യേതര, കലാകായിക രംഗത്ത് പ്രോത്സാഹനവും നൽകുന്നു.

പഠനനിലവാരം

പ്രൈമറിതലവും പ്രീപ്രൈമറി തലവും നന്നായി പോകുന്നു. മലയാളഭാഷാപഠനത്തിനു മുൻതൂക്കം കൊടുക്കുന്നു. കൂടാതെ ഇംഗ്ലീഷ് പഠനത്തിനും വളരെയേറെ പ്രാധാന്യം നൽകുന്നു. ഇംഗ്ലീഷും അറബിയും വായനയിലും എഴുത്തിലും മികവു കാണിക്കുന്നു കുട്ടികൾ. ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കിയിട്ടുണ്ട്. ജൈവവൈവിധ്യ പാർക്ക് ഒരുക്കിയിട്ടുണ്ട്. ദിനാചരണങ്ങൾ വളരെ ഭംഗിയായി ആചരിക്കുന്നുണ്ട്

അധ്യാപകരോടൊപ്പം പഠനത്തിൽ മികവുകാട്ടുന്ന കുട്ടികളും ഇടവേളകളിൽ കഥകൾ വായിച്ചുകൊടുത്തും എഴുതിച്ചും മറ്റും കുട്ടികളെ സഹായിക്കുന്നു.

# പ്രൊഫൈൽ

സ്കൂളിന്റെ പേര് : ആറാട്ടുകുളങ്ങര LPS പത്തിയൂർ

വില്ലേജ് : പത്തിയൂർ

പഞ്ചായത്ത് : പത്തിയൂർ

ബ്ലോക്ക് പഞ്ചായത്ത് : മുതുകുളം

ജില്ല : ആലപ്പുഴ

ഹെഡ്മിസ്ട്രസ് : ശ്രീജ. എസ്

മൊബൈൽ നമ്പർ : 9645300884

വാർഡ് നമ്പർ : 7-ാം വാർഡ്

വാർഡ് മെമ്പർ : ജോളി വടശ്ശേരിൽ

പി ടി എ പ്രസിഡന്റ് : ശ്രീലക്ഷ്മി.

പി ടി എ വൈസ് പ്രസിഡന്റ് : രേഖ

മാതൃസംഗമം പ്രസിഡന്റ് : ബിന്ദു

പൂർവ്വ വിദ്യാർത്ഥി പ്രസിഡന്റ് :

പൂർവ്വ വിദ്യാർത്ഥി സെക്രട്ടറി : ശ്രീ പി. വി അലക്സ പറടയിൽ

# നിലവിലുള്ള അധ്യാപകർ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം | താത്കാലികം |
|---|---|---|---|
| പ്രീപ്രൈമറി | 2 (അംഗീകാരമില്ല) | – | – |
| എൽ പി | 5 | 5 | – |

BRC, CRC തലങ്ങളിൽ നിന്നും ലഭിക്കുന്ന പരിശീലനങ്ങൾ ക്ലാസ്മുറികളിൽ ഫലപ്രദമാക്കുന്നു. പ്രധാനാധ്യാപിക ക്ലാസ് നിരീക്ഷിച്ച് തക്കതായ പിന്തുണ നൽകിവരുന്നു. കുട്ടികളുടെ വിവിധയിനം മത്സരങ്ങളിലും കലാപരിപാടികളിലും ആവശ്യമായ പരിശീലനം നൽകുന്നു. അധ്യാപകർ വിവിധയിനം സ്കൂൾ തലപ്രവർത്തനങ്ങളും ക്ലബ്ബുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും കഴിവുകൾ പ്രകടിപ്പിക്കുകയും ചെയ്തുവരുന്നു. വിദ്യാർത്ഥികളുടെ വായനാനിലവാരം ഉയർത്തുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നു. ഇതിനായി സ്കൂളിൽ വായനമൂല ഒരുക്കിയിട്ടുണ്ട്. അങ്ങനെ സ്കൂളിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് അധ്യാപകർ വിദ്യാർത്ഥികൾക്ക് വേണ്ടരീതിയിൽ പഠനപ്രവർത്തനങ്ങൾ നൽകിവരുന്നു.

## സാമൂഹ്യപങ്കാളിത്ത പ്രവർത്തനങ്ങൾ

പി ടി എ, എം പി ടി എ എന്നി ഘടകങ്ങളുടെ സഹായം വരും വർഷങ്ങളിലും ഉറപ്പാക്കാൻ സാധിക്കും. സി പി ടി എ നടത്തുന്നതുവഴി കുട്ടികളുടെ ഗൃഹാന്തരീക്ഷം കൂടുതൽ മനസ്സിലാക്കാൻ സാധിക്കുന്നു. അതിനനുസരിച്ച് പഠനനിലവാരം മെച്ചപ്പെടുത്താം. അതുപോലെ കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നതിലൂടെ കുട്ടികളുടെ ഗൃഹാന്തരീക്ഷത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും അവരുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കും. ജാഗ്രതാ സമിതി, റോഡ്സുരക്ഷാ ക്ലബിന്റെ സഹായത്തിൽ ബോധവൽക്കരണ ക്ലാസ്സും മറ്റും നടത്തി കുട്ടികളെ സുരക്ഷാനിയമങ്ങൾ പാലിക്കാൻ പ്രാപ്തരാക്കാം. സ്കൂൾ ആരോഗ്യപദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് നൽകിവരുന്ന സുരക്ഷ മാർഗവും ബോധവൽക്കരണവും തുടർന്നും നൽകാൻ സാധിക്കും

പരിസരത്തുനിന്നും പഠിക്കാൻ ജലസസ്യങ്ങൾ ശലഭോദ്യാനം, ഫലവൃക്ഷങ്ങൾ എല്ലാം ഇവിടെ സുലഭം. കമ്പ്യൂട്ടർ ലാബും ഇവിടെ ദിനാചരണങ്ങൾ വളരെ ഭംഗിയായി ആഘോഷിക്കുന്നു.

## സാമൂഹിക പങ്കാളിത്തം

സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് എപ്പോഴും സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. പിടിഎ, MPTA SMC, SRG എന്നീ ഗ്രൂപ്പുകളുടെ സേവനം സമയാസമയങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്നു പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി അസിസ്റ്റന്റ് SRG കൺവീനർ, സ്റ്റാഫ് സെക്രട്ടറി സ്കൂൾ ലീഡർ, പൂർവ്വ വിദ്യാർത്ഥികൾ, പിടിഎ ഇവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയവികസന സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി സ്കൂളിന്റെ പുരോഗതിയ്ക്ക് വേണ്ടവണ്ണം പ്രവർത്തിക്കുന്നുണ്ട്

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കാനുള്ള പ്രവർത്തനങ്ങൾ

ഓരോ ആഴ്ച്ചയും SRG കൂടി ക്ലാസ്തല പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. SRG മീറ്റിങ്ങിൽ ഇവ രേഖപ്പെടുത്തുന്നു. പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

ഭാഷാശേഷി വികസനത്തിന് ഉതകുന്ന വായനാ സാമഗ്രികളായ ചിത്രകഥകൾ ചെറുപുസ്തകങ്ങൾ എന്നിവ നൽകി വായനാക്കുറിപ്പെഴുതാൻ പ്രോത്സാഹിപ്പിക്കുന്നു. സ്കൂൾ അസംബ്ലിയിൽ പത്രവാർത്താ ക്വിസ്, വായനക്കുറിപ്പ്, വ്യായാമം, കടങ്കഥ, എന്നിവ ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ മാറി മാറി അവതരിപ്പിക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ക്ലാസിലെയും കുട്ടികൾക്ക് പ്രത്യേകം പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നു

ഗണിതശേഷി വികസനത്തിന്റെ ഭാഗമായി എല്ലാ വ്യാഴാഴ്ചയും ഗണിതക്വിസ് ഗണിത പാറ്റേൺ ഗണിതരൂപങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

കുട്ടികൾക്ക് ശാസ്ത്രാഭിരുചി വളർത്തുന്നതിനുതകുന്ന പരീക്ഷണ പ്രവർത്തനങ്ങൾ, ശേഖരണം, പ്രോജക്ട് എന്നിവയിൽ പരിശീലനം നൽകുന്നു. കുട്ടികൾക്ക് കായികശേഷി വർദ്ധിപ്പിക്കുന്നതിന് എയ്റോബിക്സ്, എക്സർസൈസുകൾ എന്നിവ നല്കി കുട്ടികളുടെ താല്പര്യത്തിനനുസരിച്ചുള്ള കായിക ഇനങ്ങൾ കണ്ടെത്തി അതിനുവേണ്ട പരിശീലനം നൽകുന്നു.

പ്രതിഭകളായ കുട്ടികളെ പരിഗണിച്ചുകൊണ്ട് ക്വിസ് മത്സരങ്ങൾ LSS, ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര മേളകൾ എന്നിവയെ പരിഗണിച്ച് പരിശീലനം നൽകുന്നു.

## നേട്ടങ്ങൾ

* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു
* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുന്നതു മികവുറ്റ അധ്യാപക സമൂഹം
* കമ്പ്യൂട്ടർ പഠന സൗകര്യം
* കലാപഠനം, പ്രവൃത്തിപരിചയപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം
* പ്രത്യേക പഠനപിന്തുണ അർഹിക്കുന്ന കുട്ടികൾക്ക് വ്യക്തിഗത സപ്പോർട്ട്
* ജൈവവൈവിധ്യ അന്തരീക്ഷം കുട്ടികൾക്ക് പ്രധാനം ചെയ്യൽ

## പരിമിതികൾ

* വായനയ്ക്ക് പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും മുഴുവൻ കുട്ടികളും പുസ്തകം വായിക്കുന്ന അവസ്ഥയിൽ എത്തിയിട്ടില്ല
* IT ലാബ് ഉണ്ടെങ്കിലും കുട്ടികൾക്ക് സ്വന്തമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല
* പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നാക്കാവസ്ഥ
*

# വിദ്യാലയ വികസന കാഴ്ചപ്പാട്

## മേഖലകൾ

### അക്കാദമിക പ്രവർത്തനങ്ങൾ

ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിയ്ക്കുന്നത് പ്രവേശനോത്സവത്തോടുകൂടിയാണ്. SRG കൂടി പ്രവേശനോത്സവ പരിപാടികൾ മുൻകൂട്ടിത്തീരുമാനിക്കുന്നു. സ്റ്റാഫ് മീറ്റിംഗിൽ അധ്യാപകർക്ക് അലോട്ട് ചെയ്യുന്നു. അതിൻ പ്രകാരം ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് അധ്യാപകർ നേതൃത്വം കൊടുക്കുന്നു.

### ഭൗതികസൗകര്യപ്രവർത്തനങ്ങൾ

കുട്ടികളുടെ സുഗമമായ പഠനത്തിന് ക്ലാസ്മുറികൾ സജ്ജമാക്കുന്നു. കുടിവെള്ള സൗകര്യമുണ്ട്. പ്രാഥമിക ആവശ്യനിർവ്വഹണത്തിനുതകുന്ന തരത്തിലുള്ള ടോയ്‌ലറ്റുകളും യൂറിനലും ക്രമീകരിച്ചിട്ടുണ്ട്. കൈകഴുകുന്നതിനാവശ്യമായ ടാപ്പുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ജൈവവൈവിധ്യ ഉദ്യാനം, മരങ്ങൾ പച്ചക്കറികൾ തുടങ്ങിയവ സ്കൂളിന്റെ ഭൗതിക അന്തരീക്ഷം മാറ്റുകൂട്ടുന്നു.

# പൊതുലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുക
* ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുക
* മറ്റു വിഷയങ്ങളോടൊപ്പം 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ ഹിന്ദി പഠനം സാധ്യമാക്കുക
* ഉദ്യാനം, ഔഷധത്തോട്ടം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുക
* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക.
* 1-ാം ക്ലാസുമുതൽ 4-ാം ക്ലാസുവരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസരിച്ച് വർക്ക്ഷീറ്റുകൾ SRGയുടെ നേതൃത്വത്തിൽ ലഭ്യമാക്കും

# മലയാളം

## ഉപമേഖല – വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * വായനാശീലം വളർത്തുക<br>* പിറന്നാൾ പുസ്തകം<br>* മലയാളം അസംബ്ലി<br>* ഉറക്കെ വായന | * എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു<br>* കുട്ടികൾ പിറന്നാളിന് ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന ചെയ്യുന്നു<br>* പ്രത്യേക വായന അസംബ്ലിയിൽ<br>* ഒഴിവുസമയങ്ങളിൽ ഓരോ ക്ലാസ് മുറികളിലും കുട്ടികൾക്ക് വായിക്കുവാൻ ക്ലാസ് ലൈബ്രറി ഒരുക്കുന്നു<br>* റീഡേഴ്സ് തിയേറ്റർ ക്ലാസ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു | June to March. | class tr<br>SRG<br>PTA | |

## ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | പാഠ്യപാഠ്യേതര വിഷയങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പതിപ്പുകൾ തയ്യാറാക്കൽ | എല്ലാ മാസവും | class tr | 1500 |
| എല്ലാ കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുന്നു. | വായനാക്കുറിപ്പ് തയ്യാറാക്കൽ<br>ചെറിയ ക്ലാസിൽ വായനാക്കാർഡ് | June to March | class tr | 3000 |
| കുട്ടികൾക്ക് സർഗാത്മക രചനകൾക്ക് അവസരം കൊടുക്കുന്നു | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ<br>ചുമർചിത്രം<br>കയ്യെഴുത്ത് മാസിക | Dec to March | ഭാഷാ ക്ലബ്ബ് | 1500 |

## ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | കുട്ടികൾ ഓരോ ദിവസവും അവർക്ക് അനുഭവപ്പെട്ട കാര്യങ്ങൾ ഡയറിയിൽ കുറിക്കുന്നു | എല്ലാ ദിവസവും | class tr | |

# ഇംഗ്ലീഷ്

പ്രവർത്തനം 1
പേര് : ഇംഗ്ലീഷ് അസംബ്ലി.
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിനം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം 2
പേര് : ഇംഗ്ലീഷ് ഡയറി (3,4 class)
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിനം | ഇംഗ്ലീഷ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : Reading card Work shop.

ഉപമേഖല : വായനാ സമ്പത്തി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു | അധ്യാപകരും രക്ഷിതാക്കളും ചേർന്ന് ഇംഗ്ലീഷ് Reading cards തയ്യാറാക്കുന്നു. | ജൂൺ to Sep | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 4

പേര് : work sheet work shop.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | വിവിധ നിലവാരക്കാരായ കുട്ടികൾക്കുള്ള വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂലൈ to ഡിസംബർ | SRG | |

പ്രവർത്തനം : 5

പേര് : ഇംഗ്ലീഷ് വായന

ഉപകരണം : Reading materials

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ<br>* വായന പ്രോത്സാഹിപ്പിക്കൽ | ക്ലാസ് മുറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ (കഥകൾ, പാട്ടുകൾ, എന്നിവ ശേഖരണം ഒരുക്കൽ) | ജൂൺ to ഡിസംബർ | ക്ലാസ് ടീച്ചർ SRG | 1000. |

പ്രവർത്തനം : 6

പേര് : ഇംഗ്ലീഷിൽ എഴുതുക.

ഉപകരണം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ എഴുത്ത് ശീലിപ്പിക്കൽ | + Story conting<br>* Diary<br>* Hand writing<br>* English Magazine<br>* Reading words and writing those words. | July to March. | ക്ലാസ് ടീച്ചർ SRG | 2000. |

പേര് – യൂണിറ്റ് വിലയിരുത്തൽ
മേഖല – യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും നൈവരികേണ്ട ഉള്ളടക്കപരമായ ധാരണ നൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം യൂണിറ്റ് നിർണ്ണയം നടത്തി. പരിഹാരബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് | class tr | |
| പേര് | പി ടി എ. | | | |
| ഉപമേഖല | CPTA ശാക്തീകരണം | | | |
| ഓരോ ക്ലാസിലും പഠനപ്രവർത്തനങ്ങളുടെ വിലയിരുത്തൽ | ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. മികവുകളുടെ അവതരണം. | ഓരോ ടേമിലും | class tr. | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ ചതുഷ്കോണുകൾ പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കൊണ്ട് കുട്ടികളിലെത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകൻ | 1000 |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിതാധ്യാപകൻ സഹപാഠികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതവളകൾ ക്രമീകരിക്കൽ (മഞ്ചാടി കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | class tr | 1000 |
| അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ ശില്പശാലകൾ | ജൂൺ to ആഗസ്റ്റ് | class tr | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുന്ന തരത്തിലുള്ള | മാസത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകർ | |
| ഗണിത ശില്പശാല കണക്കുപെട്ടി | ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശില്പശാല സംഘടിപ്പിക്കൽ | ജൂൺ | SRG PTA | |
| പാഠപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലെയും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SRG | 1000 |

# പരിസരപഠനം

പ്രവർത്തനം 1

പേര് : എന്റെ പരീക്ഷണം

മേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസം | class tr. | |

പ്രവർത്തനം 2.

പേര് : പരിസര മൂല.

മേഖല : നിരീക്ഷണപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രേക്ഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ | മുഴുവൻ കുട്ടികൾക്കും (3,4) ശാസ്ത്ര പ്രവർത്തനങ്ങൾക്കായുള്ള സാധനങ്ങൾ ശേഖരിച്ച് പരിസരമൂല തയ്യാറാക്കുക. | ജൂൺ to March. | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം -3
പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പഠനോപകരണ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ശില്പശാലകൾ സംഘടിപ്പിക്കുന്നു | ഓരോ ടേമിലും | class tr | 2000 |

പ്രവർത്തനം -4
പേര് -
ഉപമേഖല -

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം ജനിപ്പിക്കൽ | ഫീൽഡ് ട്രിപ്പ് പരിസര നടത്തം | ജൂൺ വരി | class tr SRG | പിടിഎ. |

പ്രവർത്തനം - 5

പേര് : ശുചിത്വം

ഉപമേഖല : **ശുചിത്വ ശീലങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാരം, ആരോഗ്യം ജീവിതശൈലി തുടങ്ങിയവയെ കുറിച്ച് ബോധവാന്മാരാവുകയും ഇവയിൽ ശാസ്ത്രീയ നിരൂപണപ്പെടുത്താൻ പ്രാപ്തരാവുകയും ചെയ്യുക | * ശുചിത്വമില്ലായ്മ മൂലം ഉണ്ടാകുന്ന അപകടങ്ങൾ, രോഗങ്ങൾ - വീഡിയോ പ്രദർശനം<br>* ആരോഗ്യബോധവൽക്കരണ ക്ലാസ്<br>* പോസ്റ്റർ<br>* ലഘുലേഖകൾ തയ്യാറാക്കൽ<br>* നാടൻ വിഭവങ്ങൾ പ്രദർശനം | ആഗസ്റ്റ് to oct | Class tr<br>SRG | 1000/- |

# മേഖല - കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശാരീരിക അവസ്ഥകളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുക | കുട്ടികളിൽ ശാരീരിക അവസ്ഥകളെ കുറിച്ചുള്ള അവബോധം നൽകുക | ജൂൺ 1 മുതൽ | കായിക അധ്യാപകൻ | PTA |
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ എന്ത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നു | കായിക പരിശീലനം എയറോബിക്സ് Exercise | ജൂൺ — മാർച്ച് | SRG | |

## ഉപമേഖല - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തുന്നു | 1 വർഷം | SRG | 5000/- |

## ഉപമേഖല - കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാ അഭിരുചി വളർത്തുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ്ഗവേദി നടത്തൽ | എല്ലാ ആഴ്ചയും | SRG | 1000/- |

## മേഖല : വിവരസാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ അധ്യാപികമാർ പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും | PSITC | |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ/പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |